പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 542 11.12.2012-ൽ മറുപടിക്ക്

**ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. സി.എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദി ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പ് മന്ത്രി) |
| (എ) ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്ക് ഭരണസമിതി തെരഞ്ഞെടുപ്പ്, കാലാവധി പൂർത്തിയായശേഷം സമയബന്ധിതമായി പുതിയ ഭരണ സമിതി അധികാരത്തിൽ വരത്തക്ക വിധം, നടക്കാതിരുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) തെരഞ്ഞെടുപ്പ് തീയതി നിശ്ചയിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ; | (ബി) (സി) & (ഡി) സംഘങ്ങളുടെ ഭരണസമിതിയിലേക്ക് തെരഞ്ഞെടുക്കപ്പെടുന്നതിന് വാർഡ്‌വിഭജനം നടത്താനുള്ള അധികാരം പൊതുയോഗത്തിൽ നിക്ഷിപ്തമാണ്. എന്നാൽ പൊതുയോഗത്തിന് പകരം, ക്രാരിയേലി സർവ്വീസ് സഹകരണ ബാങ്കിന്റെ 03.03.2012 ൽ ചേർന്ന കമ്മിറ്റിയുടെ 560/11-12-ാം നമ്പർ തീരുമാനപ്രകാരമാണ് വാർഡ് വിഭജനം നടത്തിയത്. ഈ വാർഡ്‌വിഭജനം നിയമ പ്രകാരം അംഗീകരിക്കാൻ കഴിയാത്തതിനാൽ തെരഞ്ഞെടുപ്പ് നടത്താൻ ജോയിന്റ് രജിസ്ട്രാർ ശുപാർശ ചെയ്തിട്ടില്ല. ആയതിനാൽ തെരഞ്ഞെടുപ്പ് നടത്തുകയുണ്ടായില്ല. തെരഞ്ഞെടുപ്പ് നടത്തുന്നതിൽ ഉദ്യോഗസ്ഥരുടെ അനാസ്ഥ ഉണ്ടായിട്ടില്ല. ബഹു.കേരള ഹൈക്കോടതിയുടെ 22085/12-ാം നമ്പർ റിട്ട് പെറ്റീഷനിലെ 12.10.2012 ലെ വിധി അനുസരിച്ച് സംഘം ബൈലാഭേദഗതി 28.11.2012 ന് എറണാകുളം ജോയിന്റ് രജിസ്ട്രാർ (ജനറൽ) രജിസ്റ്റർ ചെയ്യുകയും, കോടതി വിധി അനുസരിച്ച് ഭേദഗതി രജിസ്റ്റർ ചെയ്ത് രണ്ടാഴ്ചയ്ക്കുള്ളിൽ തെരഞ്ഞെടുപ്പ് നടത്തുന്നതിനുള്ള അപേക്ഷ തെരഞ്ഞെടുപ്പ് കമ്മീഷന് സമർപ്പിക്കാനും നിർദ്ദേശിച്ചിട്ടുള്ളതുമാണ്. കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഉടൻ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) നിശ്ചിതസമയത്ത് തെരഞ്ഞെടുപ്പ് നടത്തുന്നതിൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുമോ ; | |
| (ഡി) തെരഞ്ഞെടുപ്പ് നടത്തുവാൻ നിർദ്ദേശിച്ചുള്ള കോടതി ഉത്തരവ് നിലവിലുണ്ടോ; പ്രസ്തുത വിധി സർക്കാർ നടപ്പാക്കിയിട്ടുണ്ടോ ? | |

സെക്ഷൻ ഓഫീസർ